പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2958 12.10.2011- ൽ മറുപടിയ്ക്ക്

## ആടുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മഞ്ഞളാം കുഴി അലി | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും) വകുപ്പ് മന്ത്രി |

(എ) ആടു വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ ആവിഷ്ക്കരിച്ചു നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(എ) ആടു വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്തിന്റെ പദ്ധതി വിഹിതത്തിൽ മൃഗസംരക്ഷണ വകുപ്പ് മുഖേന സാറ്റലൈറ്റ് ബ്രീഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ 5 പെണ്ണാട് വീതം ഒരു സാറ്റലൈറ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നു. ഇപ്രകാരം 300 സാറ്റലൈറ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുകൂടാതെ കുട്ടനാട്, ഇടുക്കി പാക്കേജ് മുഖേന 42000 കർഷകരിലൂടെ 84000 എണ്ണം ആടുകളെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

ഭക്ഷ്യ സുരക്ഷാ പദ്ധതിപ്രകാരം വനിതാ കർഷകർക്ക് ഒരു പശു, രണ്ട് ആട് വീതം നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം ഒരു കർഷകയ്ക്ക് 25000 രൂപ വീതം ധനസഹായം ലഭിക്കും. ഇത്തരത്തിൽ 100 യൂണിറ്റുകൾ സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതു കൂടാതെ കേന്ദ്ര സർക്കാർ നബാർഡ് മുഖേന നടപ്പിലാക്കുന്ന ചെറുമൃഗങ്ങൾക്കും മുയലുകൾക്കും വേണ്ടിയുള്ള സമഗ്ര വികസന പദ്ധതി മുഖേന കർഷകർക്ക് വായ്പ നൽകി അതിലൂടെ ധനസഹായം നൽകി ആടു വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 40 പെണ്ണാട്+ 2 ആണാട് വളർത്തുന്നതിനും വൻകിട ബ്രീഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ധന സഹായത്തോടു കൂടിയുള്ള വായ്പാ പദ്ധതി നബാർഡ് മുഖേന നടപ്പാക്കി വരുന്നു. ഈ

→2

| | | | |
|---|---|---|---|
| | | | സാമ്പത്തിക വർഷം കൊല്ലത്തുള്ള കുരിയോട്ടുമലയിലെ എരുമ വളർത്തൽ കേന്ദ്രത്തിൽ ഇന്ത്യൻ ജനുസിൽപ്പെട്ട ആടുകളുടെ ഒരു പ്രവർത്തന പ്രദർശന യൂണിറ്റ് ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിൽ ഇതിനായി എന്തെല്ലാം പദ്ധതികളാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ വനിതാഗ്രൂപ്പുകൾ മുഖേന പശു, ആടു വളർത്തൽ പദ്ധതി നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. |
| (സി) | സംസ്ഥാനത്തുള്ള ആടുകളുടെ എണ്ണം എത്ര; ഇത് എത്രത്തോളം വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്; | (സി) | സംസ്ഥാനത്ത് ആടുകളുടെ എണ്ണം ഗണ്യമായി കൂടിയിട്ടുണ്ട്. 2003-ൽ സെൻസസ് പ്രകാരം ആടുകളുടെ എണ്ണം 12.13 ലക്ഷം ആയിരുന്നു. ഇത് 2007 സെൻസസ് ആയപ്പോൾ 17.29 ലക്ഷമായി വർദ്ധിച്ചിട്ടുണ്ട്. ഇത് 20 ലക്ഷമായി വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. |
| (ഡി) | ആടു വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് ഏതെല്ലാം വകുപ്പുകളുടെ കൂട്ടായ സംരംഭമാണ് ഇപ്പോൾ നടന്നു വരുന്നത് എന്ന് വിശദമാക്കുമോ; | (ഡി) | ആടു വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ്, കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ് എന്നീ സ്ഥാപനങ്ങളുടെ കൂട്ടായ്മയോടെയാണ് ആട്‌വളർത്തൽ പദ്ധതികൾ നടപ്പിലാക്കി വരുന്നത്. മലബാറി ഇനത്തിൽപ്പെട്ട ആടുകളുടെ കൃത്രിമ ബീജം കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ് മുഖേന ഉത്പാദിപ്പിച്ച് മൃഗാശുപത്രികൾ മുഖേന കൃത്രിമ ബീജാധാനം നടത്തിവരുന്നു. കർഷകർക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനും, ഗുണനിലവാരമുള്ള ആടിന്റെ മാംസം ഉൽപ്പാദിപ്പിക്കുന്നതിനും മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ, ബ്രഹ്മഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റി എന്നീ സ്ഥാപനങ്ങൾ മുഖേന ആധുനിക അറവുശാലയും മാംസ സംസ്കരണ യൂണിറ്റുകളും സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. ഇതു കൂടാതെ കേരള വെറ്ററിനറി സർവ്വകലാശാലയുടെ ഫാമുകളിലൂടെയും ആടു വളർത്തൽ പ്രോത്സാഹിപ്പിച്ച് വിവിധ പഠനങ്ങൾ നടത്തിവരുന്നു. മൃഗസംരക്ഷണ വകുപ്പിന്റെ സഹായത്തോടെ കുടുംബശ്രീയും ആടു വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

——73

| | | | |
|---|---|---|---|
| (ഇ) | ആടു വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ? | (ഇ) | കേന്ദ്ര സർക്കാർ നബാർഡ് മുഖേന നടപ്പിലാക്കുന്ന ചെറുമൃഗങ്ങൾക്കും മുയലുകൾക്കും വേണ്ടിയുള്ള സമഗ്രവികസന പദ്ധതി മുഖേന കർഷകർക്ക് വായ്പ നൽകി അതിലൂടെ ധനസഹായം നൽകി ആടു വളർത്തൽ പ്രോത്സാഹിപ്പിക്കുന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 40 പെണ്ണാട്+ 2 ആണാട് വളർത്തുന്ന യൂണിറ്റ് തുടങ്ങുന്നതിനും വൻകിട ബ്രീഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും വായ്പ നൽകി കർഷകർക്ക് അതിലൂടെ ധന സഹായം ലഭിക്കുന്ന പദ്ധതി നടപ്പാക്കി വരുന്നു.<br><br>ആടുകൾക്ക് ബാധിക്കുന്ന ആട് വസന്ത രോഗത്തിനെ ദേശീയ തലത്തിൽ നിർമ്മാർജനം ചെയ്യുന്നതിന് ദേശീയ ആടു വസന്ത നിർമ്മാർജന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ ആട് വസന്തക്കെതിരെ പ്രതിരോധ മരുന്ന് സൗജന്യമായി നൽകി വരുന്നു. സംസ്ഥാനത്ത് ആടിന്റെ പ്രദർശനം ലക്ഷ്യമിട്ട് (Ram & Buck Show) നടത്തിപ്പിന് കേന്ദ്രാവിഷ്കൃത പദ്ധതിയായ ചെറുമൃഗങ്ങൾക്കും മുയലുകൾക്കും വേണ്ടിയുള്ള സമഗ്ര വികസന പദ്ധതിയിൽ തുക ലഭ്യമാണ്. ഇതേ പദ്ധതിയിൽ സംസ്ഥാനത്ത് വകുപ്പിൻ കീഴിലുള്ള ഫാമുകൾ ശക്തിപ്പെടുത്തുന്നതിനും ആവശ്യമായ തുക ലഭ്യമാണ്. മേൽപ്പറഞ്ഞ രണ്ട് പരിപാടികൾക്കും കേന്ദ്ര ധനസഹായം ലഭിക്കുന്നതിന് പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ